പ്രതിവാരം
സീതി

# ആളുകളും ദൈവങ്ങളും

**ദൈവമേ** ഇല്ലാത്ത മാർക്സിസത്തിൽ ആൾദൈവശല്യം രൂക്ഷമായതായി മാർക്സിസ്റ്റ് ബുദ്ധിജീവിസുഹൃത്തുക്കൾക്ക് ഇപ്പോൾ തോന്നിത്തുടങ്ങിയിരിക്കുന്നു. കേരളത്തിൽ വേരൂന്നാൻ ശ്രമിക്കുന്ന പുതിയ മാർക്സിസ്റ്റ് ദൈവത്തെ കൈയോടെ പിടികൂടണമെന്നാണ് ആഹ്വാനം.

സഖാവ് വി.എസ് അച്യുതാനന്ദന് ഉണ്ടെന്ന് കരുതപ്പെടുന്ന ജനകീയ പിന്തുണയും മാധ്യമ പരിചരണവും ഹീറോ ഇമേജുമാണ് ദൈവചർച്ചയിൽ മാർക്സിസ്റ്റ് ബുദ്ധിജീവികളെ എത്തിച്ചത്. മാർക്സിസത്തിന്റെ സത്തക്ക് നിരക്കാത്തതാണ് ഈ വ്യക്തികേന്ദ്രീകൃത ആവേശവാദങ്ങളെന്നും പാർട്ടിയേക്കാൾ വ്യക്തി പ്രധാനമാവുന്ന വിശകലനങ്ങളും അന്വേഷണങ്ങളും മാർക്സിസ്റ്റ് കാഴ്ചപ്പാടുകൾക്ക് നിരക്കാത്തതാണെന്നും അവർ പറയുന്നു. മുതലാളിത്ത ബൂർഷ്വാമാധ്യമങ്ങൾ ജനപ്രിയതയുടെയും ഹീറോയിസത്തിന്റെയും സംസ്കാരം പാർട്ടിയിൽ കടത്തിക്കൂട്ടാൻ ശ്രമിക്കുകയാണ്. മാർക്സിസ്റ്റുകൾ ഇതിൽ വീണുപോകരുത്. മാർക്സിസ്റ്റ് പാർട്ടി എന്നാൽ ഒരു ആൾക്കൂട്ടമോ പറ്റമോ അല്ല. അതിൽ അച്യുതാനന്ദൻ ഫാൻ ക്ലബ് സാധ്യമല്ല-ഇങ്ങനെ പോകുന്നു വിശകലനങ്ങൾ.

മാർക്സിസത്തിൽ ആൾദൈവമില്ല എന്നതു ശരി തന്നെ; എന്നാൽ പിണറായി ദൈവത്തെ തോൽപിച്ച് വി.എസ് ദൈവം നേടുന്ന മേൽക്കൈ മാത്രമാണ് പുതിയ ദൈവവിരുദ്ധ ചിന്തയുടെ അടിസ്ഥാനം എന്ന് ചിന്തിക്കുന്നവരും ഉണ്ട്. അങ്ങനെ പുരാണങ്ങളിലൊക്കെ ഉള്ളതു പോലുള്ള, ദൈവങ്ങൾ തമ്മിലുള്ള ഒരു തരം ചക്കളത്തിപ്പോര്, അത് മാത്രമാണ് ഇപ്പോൾ നടക്കുന്നത്. അതിൽ തോൽക്കുന്ന ദൈവത്തിന്റെ ആളുകൾ വെറുതെ സിദ്ധാന്തം പറയുകയാണ്.

മാർക്സിസത്തിന്റെയും മാർക്സിസ്റ്റ് പാർട്ടിയുടെയും ചരിത്രം പരിശോധിക്കുന്ന ആർക്കും ഈ ആൾദൈവവിരുദ്ധ ചിന്തയിൽ തമാശയേ കാണാൻ കഴിയൂ. മതക്കാരെയും വിശ്വാസികളെയും തോൽപിക്കുന്ന വിധത്തിൽ വിഗ്രഹവത്കരണം യഥാർഥത്തിൽ മാർക്സിസത്തിന്റെ കൂടപ്പിറപ്പാണ്. പാർട്ടി നേതാക്കന്മാരുടെ ജഡങ്ങൾ കോടികൾ ചെലവാക്കി എംബാം ചെയ്ത് സൂക്ഷിക്കുന്ന സ്വഭാവം ആധുനികകാലത്ത് ആരെങ്കിലും നിലനിർത്തിയിട്ടുണ്ടെങ്കിൽ അത് സോവിയറ്റ് യൂനിയനും കമ്യൂണിസ്റ്റ് പാർട്ടിയും മാത്രമാണ്. വ്യക്തികളല്ല, പാർട്ടിയാണ് പ്രധാനം എന്നു പറയുന്ന, പ്രസ്ഥാനമില്ലാത്ത വ്യക്തികൾ ജഡമാണ് എന്ന് പറയുന്ന ഒരു പാർട്ടിക്ക് നേതാക്കന്മാരുടെ ജഡത്തോട് എന്താണ് ഇത്ര പ്രതിപത്തി എന്നത് ആലോചിക്കാവുന്നതാണ്. വ്യക്തികേന്ദ്രീകൃതമായ ഭരണവ്യവസ്ഥ സ്ഥാപിച്ച ഫറോവമാരാണ് നമ്മുടെ അറിവിൽ ജഡങ്ങളോട് ഇത്രയധികം താൽപര്യം കാണിച്ചത്. റഷ്യയിൽ വിവാഹിതരാകുന്ന നവദമ്പതികൾ ലെനിൻ മൃതദേഹത്തെ പ്രദക്ഷിണം ചെയ്യുന്ന പരിപാടിയുമുണ്ടായിരുന്നത്രെ. വെറുതെ ജഡങ്ങൾ സൂക്ഷിച്ചുവെക്കുകയല്ല, അത് വലിയൊരു പാർട്ടി ആധ്യാത്മികതയായി കൊണ്ടാടുകയായിരുന്നു മാർക്സിസ്റ്റുകൾ. ക്രൂഷ്ചേവ് സോവിയറ്റ് പാർട്ടിയുടെ സാരഥ്യം ഏറ്റെടുത്ത ഉടനെ ചെയ്ത കാര്യങ്ങളിലൊന്ന് സ്റ്റാലിന്റെ എംബാം ചെയ്ത് സൂക്ഷിച്ചുവെച്ച മൃതദേഹം ലെനിന്റെ മൃതദേഹം സൂക്ഷിച്ചുവെച്ച റെഡ് സ്ക്വയറിൽനിന്ന് മാറ്റി ക്രെംലിൻ മതിലിനകത്ത് സംസ്കരിക്കുകയായിരുന്നു. ക്രൂഷ്ചേവിനെതിരെയുള്ള തനത് മാർക്സിസ്റ്റുകളുടെ വളരെ പ്രധാനപ്പെട്ട കുറ്റപത്രങ്ങളിലൊന്നാണ് ഈ ജഡമാറ്റം.

ജഡം സൂക്ഷിച്ചുവെക്കാൻ സൗകര്യമില്ലാത്തിടങ്ങളിൽ ഫോട്ടോകൾ തൂക്കിയും പ്രതിമകൾ സ്ഥാപിച്ചും നേതാക്കന്മാരെ അക്ഷരത്തിലും അർഥത്തിലും വിഗ്രഹവത്കരിക്കാൻ പാർട്ടി മത്സരിക്കുന്നതായി കാണാം. അങ്ങനെ, ശ്രീനാരായണ ഗുരു പ്രതിഷ്ഠകളും കാളീ ദുർഗാ ദേവീ-ദേവ പ്രതിഷ്ഠകളുമെല്ലാം ഉള്ളതു പോലെ നമുക്ക് വേണ്ടത്ര ഇ.എം.എസ് പ്രതിഷ്ഠകളും എ.കെജി പ്രതിഷ്ഠകളുമെല്ലാമുണ്ട്. വിശ്വാസികൾ പ്രതിഷ്ഠകൾക്ക് മുമ്പിൽ കൈകൂപ്പുമ്പോൾ മാർക്സിസ്റ്റുകൾ അവക്ക് മുമ്പിൽ മുഷ്ടിചുരുട്ടുന്നു, വിശ്വാസികൾ മന്ത്രം ചൊല്ലുമ്പോൾ മാർക്സിസ്റ്റുകൾ മുദ്രാവാക്യം ചൊല്ലുന്നു-അത്രതന്നെ. മാർക്സിസ്റ്റുകൾക്ക് പ്രതിഷ്ഠകളോടുള്ള വിശ്വാസവും ഭയഭക്തി ബഹുമാനങ്ങളും അറിയണമെന്നുണ്ടെങ്കിൽ അതിൽ ഏതെങ്കിലുമൊന്ന് എന്നെങ്കിലും തകർക്കപ്പെടുകയോ ആക്രമിക്കപ്പെടുകയോ ചെയ്താൽ മതി.

വിഗ്രഹങ്ങളുടെ സാന്നിധ്യം മനസ്സാന്നിധ്യവും ഏകാഗ്രതയും ദൈവബോധവും നൽകുന്നുവെന്നാണ് അവയെ ആരാധിക്കുന്ന വിശ്വാസികൾ പറയാറുള്ളത്. പാർട്ടി നേതാക്കന്മാരുടെ പടങ്ങളും പ്രതിഷ്ഠകളും ഇതുതന്നെയാണ് മാർക്സിസ്റ്റുകൾക്കും നൽകുന്നത്. 'ഞാൻ ഈ ലേഖനം എഴുതുന്നത് കൊച്ചി *ദേശാഭിമാനി* ഓഫീസിലെ ഏഴാം നമ്പർ മുറിയിൽ ഇരുന്നാണ്. എന്റെ മുറിയിൽ മഹാനായ ജനപ്രിയനായ എ.കെ.ജിയുടെ ഊർജസ്വലമായ ഒരു ഛായാപടമുണ്ട്... ഈ മഹാന്റെ ജ്വലിക്കുന്ന സ്മരണ ഇതെഴുതാൻ ശക്തിസ്രോതസ്സായി' (ഐ.വി ദാസ്, *ദേശാഭിമാനി* ദിനപത്രം 2007 ജനുവരി 26). മരിച്ചുപോയ നേതാവിന്റെ 'ഊർജ്ജസ്വലമായ ഛായാപടം' (?) ലേഖനമെഴുതാൻ വരെ ശക്തിസ്രോതസ്സാവുന്ന വിധം തയാറാക്കപ്പെട്ടതാണ് മാർക്സിസ്റ്റ് വിശ്വാസികളുടെ മനോഘടന. അങ്ങനെയൊരു കൂട്ടർ ആൾദൈവത്തെക്കുറിച്ച് ഇപ്പോഴായിട്ട് മുന്നറിയിപ്പ് മണി അടിക്കുന്നതെന്ത് എന്നത് ആലോചിക്കേണ്ടതാണ്.

വ്യക്തികേന്ദ്രീകൃതമായ ഈ ആൾദൈവ സംസ്കാരം തുടക്കം മുതലേ വളർത്തിയെടുത്ത ഒരു ദർശനത്തിന്റെ ആളുകൾ പെൺവാണിഭക്കാരെയും കള്ളക്കടത്തുകാരെയും വനം കൊള്ളക്കാരെയും കൈകാര്യം ചെയ്യുമെന്ന് സുരേഷ്ഗോപി സ്റ്റൈലിൽ ഡയലോഗ് അടിക്കുന്ന ഒരു നേതാവിനോട് ജനങ്ങൾക്കുണ്ടാവുന്ന സ്വാഭാവിക ആരാധനയെ വലിയ സിദ്ധാന്തം പറഞ്ഞാൽ തടുക്കാൻ കഴിയുന്നതാണോ? ■